ഭരണഭാഷ-മാതൃഭാഷ

രജിസ്റ്റേർഡ്/എ.ഡി

SWTDHO/294/2025-S1

സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറേറ്റ്,

ആലപ്പുഴ,തീയതി:01-09-2025

PHONE : 0477-2252015

e-mail-directorswtd@gmail.com

# ഉത്തരവ്

വിഷയം: സംസ്ഥാന ജലഗതാഗത വകുപ്പ്- അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിയ്ക്കുന്ന ശ്രീ.ഷമാസ്.കെ, ബോട്ട് ലാസ്കർക്കെതിരായ ശിക്ഷാ നടപടി - സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നത് സംബന്ധിച്ച്.

സൂചന:
1. 19.12.2019 ലെ ഇ5/15827/19 നമ്പർ ഉത്തരവ്.
2. 07.02.2025 ലെ ഇ5/15827/19 നമ്പർ കത്ത്.
3. 19.03.2025 ലെ മേൽ നമ്പർ കുറ്റാരോപണ മെമ്മോ.
4. 06.06.2025 ലെ മേൽ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
5. സർക്കാർ സർക്കുലർ നം. 83/2020/ധന തീയതി 30.12.2020

ഈ വകുപ്പിൽ 02.08.2017 മുതൽ ബോട്ട് ലാസ്കർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ ഷമാസ് കെ, എന്ന താങ്കൾക്ക് 01.01.2020 മുതൽ 31.12.2024 വരെ കെ.എസ്.ആർ. പാർട്ട് 1 അപ്പൻഡിക്സ് 12 എ പ്രകാരം അഞ്ചുവർഷത്തേക്ക് സൂചന ഒന്ന് പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു. അവധിക്കു ശേഷം താങ്കൾ 01.01.2025-ൽ ജോലിയിൽ തിരികെ പ്രവേശിക്കേണ്ടതായിരുന്നുവെങ്കിലും നാളിതുവരെ ജോലിയിൽ പ്രവേശിച്ചിട്ടില്ലായെന്ന് സൂചന രണ്ട് പ്രകാരം റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന മൂന്ന്, നാല് പ്രകാരം കുറ്റാരോപണ മെമ്മോയും, കാരണം കാണിക്കൽ നോട്ടീസും വകുപ്പിൽ നിന്നും രജിസ്റ്റേർഡ് കത്തായി അയക്കുകയും പ്രസ്തുത രജിസ്റ്റേർഡ് കത്തുകൾ താങ്കൾ ഇന്ത്യ വിട്ടതായി രേഖപ്പെടുത്തി തപാൽ വകുപ്പ് മടക്കുകയും ചെയ്തിരുന്നു.

അവധിയുടെ കാലാവധി കഴിഞ്ഞിട്ടും അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതും അനുവാദം കൂടാതെ ഇന്ത്യ വിടുകയും ചെയ്തത് ഒരു സർക്കാർ ജീവനക്കാരൻ എന്ന നിലയിൽ താങ്കളുടെ ഭാഗത്തു നിന്നുണ്ടായ വളരെ ഗുരുതരമായ വീഴ്ചയും അച്ചടക്കലംഘനവുമാണ്. കെ.എസ്.ആർ ഭാഗം I

അനുബന്ധം XII A പ്രകാരം അവധിയനുഭവിച്ച ജീവനക്കാരൻ ആയതിനു ശേഷം അനധികൃതമായി ജോലിയിൽ നിന്നും വിട്ട് നിൽക്കുന്ന പക്ഷം പ്രസ്തുത അനുബന്ധത്തിലെ ചട്ടം 9 പ്രകാരം ടി ഉദ്യോഗസ്ഥനെതിരെ 1960 -ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടം പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചതിനു ശേഷം അവരുടെ സേവനം അവസാനിപ്പിക്കേണ്ടതാണെന്ന് സൂചന അഞ്ച് പ്രകാരം വ്യവസ്ഥയുള്ളതിനാൽ, ശ്രീ.ഷമാസ്.കെ, ബോട്ട് ലാസ്കർ എന്ന താങ്കളെ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന തീയതിയായ 01.01.2025 മുതൽ പ്രാബല്യത്തിൽ ശിക്ഷാ നടപടിയുടെ ഭാഗമായി സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ് )
ഡയറക്ടർ

ടു: ശ്രീ.ഷമാസ്.കെ, ബോട്ട് ലാസ്കർ, കെ.ഐ.വി.നമ്പർ:1030, കൈതകം, മണ്ണഞ്ചേരി (പി.ഒ),ആലപ്പുഴ. പിൻ : 688538

പകർപ്പ്

1. സെക്രട്ടറി, ഗതാഗത (ഡി) വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
3. ഫിനാൻസ് ഓഫീസർ
4. മെക്കാനിക്കൽ എഞ്ചിനീയർ, ഡോക്ക് ആൻ്റ് റിപ്പയർ ആലപ്പുഴ
5. സീനിയർ സൂപ്രണ്ട് - ഭരണം, ആഡിറ്റ്, എറണാകുളം
6. സീനിയർ സൂപ്രണ്ട്, ചങ്ങനാശ്ശേരി (ടിയാന്റെ സേവനപുസ്തകത്തിൽ പതിക്കുന്നതിന്)

7 . ട്രാഫിക് സൂപ്രണ്ട് - ആലപ്പുഴ / എറണാകുളം

8. അസി. വർക്സ് മാനേജർ - തേവര ഡോക്ക് യാർഡ്

7. ജൂനിയർ സൂപ്രണ്ട് - കൊല്ലം, പയ്യന്നൂർ, ഇ വിഭാഗം

8. ഇ1, ഇ5-സീറ്റ് , BILL വിഭാഗം

9. സി.എ. ടു ഡയറക്ടർ

10.എല്ലാ സ്റ്റേഷൻമാസ്റ്റർമാർക്കും

11. കരുതൽ ശേഖരം.

ഉത്തരവിൻപ്രകാരം

Signed by Subhamol C S
Date: 01-09-2025 14:04:28
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്